# ആയുർദൈർഘ്യം

രാധാകൃഷ്ണൻ പട്ടാന്നൂർ



ആയുർദൈർഘ്യം

രാധാകൃഷ്ണൻ പട്ടാന്നൂർ

(കഥ)

© GV Books, Thalassery

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Sick and Dying- Sketched in No.1 Hospital Tent, refugees by OpenCage. The image is taken from Wikimedia Commons and is gratefully acknowledged.

# ആയുർദൈർഘ്യം

'ശങ്കരൻ നായരുടെ കൂടെയുള്ളവരാരെങ്കിലുമുണ്ടോ?'

ഇന്റൻസീവ് കെയർ യൂണിറ്റിന്റെ ചില്ലു വാതിൽ പാതി തുറന്ന് തല പുറത്തേക്ക് നീട്ടി നഴ്സ് വിളിച്ചു ചോദിച്ചു. പുറത്ത് നിരനിരയായിട്ട കസേരകളിൽ പാതി മങ്ങിയ പ്രതീക്ഷകളോടെ ഇരുന്നവരുടെ ദൃഷ്ടികൾ അങ്ങോട്ടു പാഞ്ഞു.

ഏറ്റവും അറ്റത്തെ കസേരയിൽ ഇരുന്ന് പുറം കാഴ്ചകളിലേക്ക് കണ്ണയച്ചിരുന്ന ഞാൻ ചാടിയെഴുന്നേറ്റ് അങ്ങോട്ടു ചെന്നു. 'ആരെങ്കിലുമുണ്ടെങ്കിൽ ഒരാൾക്ക് വന്നു കാണാം. ഒരു ഇഞ്ചക്ഷൻ കൂടി വാങ്ങണം.' ഒരു കുറിപ്പ് നീട്ടിക്കൊണ്ട് സുന്ദരിയായ നഴ്സ് പറഞ്ഞു.

പാതി തുറന്ന വാതിലിലൂടെ അകത്തു കടന്നു. മറ്റൊരു ചില്ലു വാതിൽ കൂടി തുറക്കപ്പെട്ടപ്പോൾ, അതീവ ശ്രദ്ധയോടെ രോഗികളെ പരിചരിക്കുന്ന മുറിയുടെ ശീതളിമയിലെത്തി. മുറിയുടെ പടിഞ്ഞാറെ മൂലയിൽ

ചുവരിനോട് ചേർത്തിട്ടിരിക്കുന്ന കട്ടിലിലാണ് മുത്തച്ഛൻ കിടക്കുന്നത്.

പച്ച വിരിപ്പിനുള്ളിൽ നിശ്ചലമായി മലർന്നു കിടക്കുന്ന മുത്തച്ഛന്റെ മൂക്കും നെഞ്ചും കൈത്തണ്ടയുമായി ബന്ധിപ്പിച്ചിരിക്കുന്ന എന്തൊക്കെയോ ഇലക്ട്രോണിക് ഉപകരണങ്ങളുടെ രസനിരപ്പ് താഴുകയും ഉയരുകയും ചെയ്തുകൊണ്ടിരുന്നു. മുത്തച്ഛന്റെ ഏതെല്ലാം അവയവങ്ങളുടെ പ്രവർത്തനങ്ങളാവും ആ രസനിരപ്പ് സൂചിപ്പിക്കുന്നുണ്ടാവുക.

പുതച്ചിരിക്കുന്ന പച്ച വിരിപ്പിൽ അനുഭവപ്പെടുന്ന നേർത്ത തിരയിളക്കങ്ങൾ മാത്രമാണ് മുത്തച്ഛൻ ശ്വാസോഛ്വാസം ചെയ്യുന്നുണ്ടെന്നതിനും ശരീരത്തിൽ ജീവൻ അവശേഷിക്കുന്നുണ്ടെന്നതിനുമുള്ള തെളിവ്. തൊണ്ടയിൽ കുരുങ്ങിയ കഫക്കെട്ട് ശ്വാസോച്ഛ്വാസത്തെ വല്ലാതെ തടസ്സപ്പെടുത്തുന്നുണ്ടെന്ന് പുറത്തു കേൾക്കുന്ന കുറുകലിൽ നിന്നും ഊഹിക്കാം. ഞാൻ മുറിയാകെ കണ്ണോടിച്ചു.

ആ മുറിയിലെ പത്തോളം കട്ടിലുകളിൽ കിടക്കുന്നവരെല്ലാം ജീവിതത്തിന്റെ അവസാനയാമങ്ങളെ എണ്ണുന്നവരാണെന്ന് തോന്നി. അവരുടെ ആയുസ്സ് അൽപ്പദിവസത്തേക്കെങ്കിലും നീട്ടിക്കൊടുക്കാൻ കഴിയുമോ എന്ന കൗതുകകരമായ പരീക്ഷണങ്ങളിലായിക്കാം ഡോക്ടർമാരും നഴ്സുമാരും.

മുത്തച്ഛന്റെ തൊട്ടടുത്ത കട്ടിലിൽ കിടക്കുന്ന വൃദ്ധൻ, ഗുളിക വായിലിട്ടു കൊടുക്കാനെത്തിയ നഴ്സിനോട് അടഞ്ഞ ശബ്ദത്തിൽ പറഞ്ഞു ‘മോളേ. എനക്ക്

മരുന്നൊന്നും വേണ്ടാ. നല്ല കടുപ്പത്തില് ഒരു ചായ വേണം. നല്ല മധുരമുള്ള ചായ.'

'അയ്യോ. അമ്മാവാ. മധുരമുള്ളതൊന്നും കഴിക്കരുതെന്ന് ഡോക്ടർ പറഞ്ഞതല്ലേ. ഷുഗറ് കേറി എവിടെയെത്തീന്നറീല്ലേ. മധുരമില്ലാത്ത ചായ കൊണ്ടുവരാൻ പറയാം.'

ഒരു വശത്തേക്ക് കോടിപ്പോയ വൃദ്ധന്റെ മുഖത്ത് ഒരു കറുത്ത ചിരി വിരിഞ്ഞു. - ഒരു പരിഹാസച്ചിരി.

മധുരമില്ലാത്ത ചായ തന്ന് നിങ്ങളെന്നെ എത്ര കാലം കൂടി ജീവിപ്പിക്കും എന്നായിരിക്കാം ആ പരിഹാസച്ചിരിയുടെ പൊരുൾ.

'ഇവിടെ അധിക സമയം നിൽക്കരുത്. പുറത്തു പോകണം.' നഴ്സിന്റെ ശാസനാരൂപത്തിലുള്ള മുന്നറിയിപ്പ്.

പുറത്തു കടക്കുന്നതിനിടയിൽ ഞാൻ നഴ്സിനോടാരാഞ്ഞു: 'സിസ്റ്റർ മുത്തച്ഛന്റെ നിലയെങ്ങനെ?'

'ഒന്നും പറയാറായിട്ടില്ല. നിങ്ങൾ ഡോക്ടറോട് ചോദിക്ക്. സാറ് കുറച്ചു കഴിഞ്ഞാൽ വരും.'

ഞാൻ പുറത്തിറങ്ങിയപ്പോൾ ഊഴം കാത്തിരുന്ന രണ്ടു പേർ അകത്തുകടന്നു. ചെറുപ്പക്കാരനും സ്ത്രീയും.

വരാന്തയിൽ ഞാൻ ആദ്യം ഇരുന്ന കസേര ഒരു തടിച്ച സ്ത്രീ കയ്യടക്കിയിരുന്നു. നിരത്തിയിട്ട കസേരകളിൽ മുഴുവൻ സന്ദർശകരായിരുന്നു. ഞാൻ നടന്ന് പാതി തുറന്നിട്ട ജനാലക്കരികിലെത്തി. നഗരത്തിന്റെ ദൂരക്കാഴ്ചകൾ അവിടുന്ന് ദൃശ്യമാവും. റെയിൽവെ സ്റ്റേഷൻ, നഗരത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടമായ സിറ്റി

ടവർ, ഗാന്ധി പാർക്ക്, ബസ്സ്റ്റാന്റ്, ഫയർ സ്റ്റേഷൻ. ഒരു ട്രെയിൻ അപ്പോൾ എത്തിയതേ ഉള്ളൂ. വിവിധ കമ്പാർട്ടുമെന്റുകളിൽ നിന്ന് യാത്രക്കാർ ധൃതി പിടിച്ച് പുറത്തിറങ്ങിക്കൊണ്ടിരുന്നു. അവരിൽ പലരെയും കാത്ത് കാറുകൾ നിരനിരയായിക്കിടക്കുന്നു. ഓട്ടോറിക്ഷകളും. ട്രെയിൻ സൈറൺ മുഴക്കിക്കൊണ്ട് നീങ്ങിക്കഴിഞ്ഞു. പുറത്തു കാത്തിരുന്ന കാറുകൾക്കും ഓട്ടോറിക്ഷകൾക്കും ജീവൻവെച്ചു. ആരും സ്വീകരിക്കാനെത്താത്ത യാത്രക്കാർ ബാഗുകളും തൂക്കി ബസ്സ്റ്റാന്റ് ലക്ഷ്യമാക്കി നടന്നു. റോഡിൽ വാഹനങ്ങൾ നിറഞ്ഞൊഴുകുകയാണ്. ബസ്സുകളും കാറുകളും ഓട്ടോറിക്ഷകളും ഇരുചക്രവാഹനങ്ങളും.

വാഹനത്തിരക്കിലൂടെ, ദയനീയമായി വിലപിക്കുന്നതുപോലെ സൈറൺ മുഴക്കി ഒരു ആംബുലൻസ് ആസ്പത്രി ലക്ഷ്യമാക്കി കുതിച്ചുവന്നു.

ആസ്പത്രിയുടെ കവാടത്തിൽ രൂപപ്പെട്ടിരുന്ന വാഹനക്കുരുക്കിൽനിന്ന് കരകയറാൻ ആംബുലൻസ് നന്നേ പാടുപെട്ടു. ആരെയാണ് അതിൽ കൊണ്ടുവന്നതെന്നറിയാൻ ഞാൻ താഴത്തെ നിലയിലെ അത്യാഹിത വിഭാഗത്തിന്റെ മുന്നിലേക്കുപോയി. ‘ബൈക്കപകടമാണ്. മൂന്നു കുട്ടികൾ പോകുകയായിരുന്ന ബൈക്ക് ടിപ്പർ ലോറിക്കിടിച്ചാണ് അപകടം. രണ്ടു പേർ തീർന്നു. ഒരു കുട്ടിക്ക് ജീവനുണ്ടെന്നേയുള്ളൂ. മൂന്നാളും പത്താം ക്ലാസുകാരാ. ഇടിച്ച ടിപ്പർ ലോറി നിർത്താതെ പോയി.’

ആംബുലൻസിൽ നിന്നിറങ്ങിയ ചെറുപ്പക്കാരൻ അവിടെ കൂടിനിന്നവരോട് വിശദീകരിച്ചു.

ആ ചെറുപ്പക്കാരന്റെ വസ്ത്രങ്ങളിൽ ചോര പുരണ്ടിരുന്നു. രക്ഷാപ്രവർത്തനം നടത്തിയ ആളാകാം അദ്ദേഹം. 'ഡ്രൈവിങ്ങ് ലൈസൻസുപോലുമില്ല ഈ പിള്ളേർക്ക്. വീട്ടുകാർക്ക് നഷ്ടപരിഹാരം പോലും കിട്ടില്ല. രക്ഷിതാക്കൾ എന്തിനാണ് കുട്ടികളെ ഇങ്ങിനെ വിടുന്നത്. കുടുംബങ്ങളുടെ പ്രതീക്ഷയല്ലേ പൊലിയുന്നത്'

സങ്കടവും രോഷവും സഹിക്കാതെ ആ ചെറുപ്പക്കാരൻ ആരോടെന്നില്ലാതെ പറഞ്ഞുകൊണ്ടിരുന്നു.

വാടക വാങ്ങി ആംബുലൻസ് നിശ്ശബ്ദം തിരിച്ചുപോയി. അവിടുത്തെ ആൾക്കൂട്ടവും അലിഞ്ഞില്ലാതായി. മുത്തച്ഛനെ പരിശോധിക്കുന്ന ഡോക്ടർ എത്തേണ്ട സമയമായി. ഞാൻ വീണ്ടും ഒന്നാം നിലയിൽ ഇന്റൻസീവ് കെയർ യൂണിറ്റിന്റെ അരികിലേക്ക് നടന്നു. വാതിലിനിരുവശത്തും അഞ്ചാറുപേർ കൂടിനിൽക്കുന്നത് കണ്ടപ്പോൾ ഡോക്ടർ അകത്തുണ്ടെന്ന് മനസ്സിലായി. ഇന്റൻസീവ് കെയർ യൂണിറ്റിൽ കഴിയുന്ന അഞ്ചാറുപേരെ നോക്കുന്നത് ഒരു ഡോക്ടറാണ്. -ഡോ. സുധീർകുമാർ.

ഡോക്ടർ പുറത്തിറങ്ങിയപ്പോൾ അകത്തുകിടക്കുന്ന രോഗികളുടെ ബന്ധുക്കൾ ചുറ്റും കൂടി രോഗ വിവരങ്ങൾ ആരാഞ്ഞു.

ഒടുവിൽ എന്റെ ഊഴമായി. ഒരാഴ്ചയായി നിത്യവും കാണുന്നത് കൊണ്ട് ഡോക്ടറുമായി പരിചയമായിരുന്നു. കൂടാതെ മുത്തച്ഛൻ രോഗികൾക്കിടയിലെ വി.ഐ.പി. കൂടിയാണല്ലോ. ആ പരിഗണന ഡോക്ടറിൽ നിന്ന് എനിക്കും കിട്ടുന്നുണ്ട്.

'ഡോക്ടർ എങ്ങിനെയുണ്ട് മുത്തച്ഛന്റെ?'




ഡോക്ടറുടെ മുഖത്ത് മ്ലാനത പടരുന്നത് ഞാൻ ശ്രദ്ധിച്ചു.

'സ്ഥിതി മോശമാണ്. മരുന്നിനോട് റിയാക്ട് ചെയ്യുന്നില്ല. പിന്നെ ബി.പിയും ഡൗണായി. കാര്യങ്ങൾ ബന്ധുക്കളെ അറിയിച്ചോളൂ. ഫ്രീഡം ഫൈറ്ററല്ലേ. ചില ഒഫീഷ്യൽ ഫോർമാലിറ്റീസുകൂടിയുണ്ടാവുമല്ലോ.'

മുത്തച്ഛനെ ഡോക്ടർ കൈവിട്ടുവെന്ന് ബോധ്യമായി. ഞാൻ കസേരയിൽ ചെന്നിരുന്നു. ആരെയൊക്കെയാണ് വിവരം ആദ്യം അറിയിക്കേണ്ടതെന്ന് ഒരു വേള ആലോചിച്ചു. അടുത്ത ബന്ധുക്കളായി അധികം പേരൊന്നും എനിക്കില്ലല്ലോ. 'വാട്സ്ആപ്പി'ൽ ഒരു മെസേജ് ചത്തു കിടക്കുന്നുണ്ടായിരുന്നു. ചിത്രയുടേതാണ്. മറുപടി അയക്കാനൊന്നും തോന്നിയില്ല. ഞാൻ

അകപ്പെട്ട പ്രതിസന്ധിയുടെ ആഴം ഒരുപക്ഷെ അവൾ അറിയുന്നുണ്ടാവില്ല.

മുത്തച്ഛന്റെ അന്ത്യം അടുത്തെത്തി. ഇനി എന്റെ ജീവിതം പ്രതിസന്ധി നിറഞ്ഞതായിരിക്കും. മുത്തച്ഛന്റെ സ്വാതന്ത്ര്യസമരപ്പെൻഷനെ ആശ്രയിച്ചായിരുന്നല്ലോ ഇത്രയും കാലത്തെ എന്റെ ആർഭാടജീവിതം. ഈ ജീവിതം ഈ മാസത്തോടെ അവസാനിക്കും. ജോലിയോ, അടുത്തൊന്നും ജോലിക്കുള്ള സാധ്യതയോ ഇല്ലാതെ ഞാനെങ്ങനെ അവളെ ജീവിതത്തിലേക്ക് സ്വീകരിക്കും? ചുറ്റും ഇരുട്ട് പരക്കുന്നതുപോലെ. ഞാൻ എഴുന്നേറ്റ് ജനാലക്കരികിൽ ചെന്നുനിന്നു. ഒരു ട്രെയിൻ കൂടി വന്നതിന്റെ ആരവമായിരുന്നു റെയിൽവേസ്റ്റേഷനിൽ. യാത്രക്കാർ ധൃതിയിൽ പ്ലാറ്റ്ഫോമിലേക്ക് കടന്നു പോവുകയും ഇറങ്ങി വരികയും ചെയ്തു കൊണ്ടിരുന്നു.

‘ഡോക്ടർ എന്തു പറഞ്ഞു?’

സൗഹാർദപൂർവമായ അന്വേഷണം കേട്ട് ഞാൻ തിരിഞ്ഞു നോക്കി. മുത്തച്ഛനെയും കൊണ്ട് എത്തിയ ദിവസം മുതൽ ഐ.സി.യുവിന്റെ പരിസരത്ത് പതിവായി കാണുകയും എന്നാൽ പരിചയപ്പെടുകയും ചെയ്യാത്ത ചെറുപ്പക്കാരൻ.

‘സ്ഥിതി മോശമാണെന്ന് പറഞ്ഞു. നിങ്ങളുടെ ആരാ ഇവിടെ?’

‘അച്ഛനാണ്’.

‘നിങ്ങളുടെയും അച്ഛനാണോ?’

‘അല്ല. മുത്തച്ഛനാണ്’.

‘സ്വാതന്ത്ര്യ സമര സേനാനിയാണ് അല്ലേ? എനിക്ക പരിചയമുള്ള നഴ്സ് ഇവിടെയുണ്ട്. അവരാണ് പറഞ്ഞത്.’

ഞാൻ അതേ എന്ന അർഥത്തിൽ മൂളുകമാത്രം ചെയ്തു. കുറച്ച് സമയത്തെ ഇടവേളക്ക് ശേഷം ചെറുപ്പക്കാരൻ സ്വയം പരിചയപ്പെടുത്തി. പേര് പ്രേമരാജൻ. നഗരത്തിലെ ഒരു മൊബൈൽ ഫോൺ കടയിലെ ജീവനക്കാരനാണ്. ഞാനും എന്റെ പേരും നാട്ടും പറഞ്ഞു.

‘എനിക്ക് മെഡിക്കൽ ഷോപ്പിൽ പോകണം. ഒരു ഇഞ്ചക്ഷൻ വാങ്ങാനുണ്ട്’ - പ്രേമരാജൻ പറഞ്ഞു.

‘ഞാനും വരുന്നു. എനിക്കും മരുന്നു വാങ്ങാനുണ്ട്.’

പ്രേമരാജന്റെ കൂടെ ഞാനും താഴേക്കിറങ്ങി. മരുന്നു വാങ്ങിയശേഷം പ്രേമരാജനെ ചായ കഴിക്കാൻ ക്ഷണിച്ചു. ഞങ്ങൾ കാന്റീനിലേക്ക് നടന്നു. കാന്റീനിലെ മൂലയിലെ തിരക്കൊഴിഞ്ഞ സ്ഥലത്തെ ഇരിപ്പിടങ്ങൾ ഞങ്ങൾ തിരഞ്ഞെടുത്തു.

‘ഫ്രീഡം ഫൈറ്ററാകുമ്പോൾ പ്രായം കുറേ ആയിക്കാണുമല്ലോ. ഏത് സമരത്തിലാണ് മുത്തച്ഛൻ പങ്കെടുത്തത്?’ - പ്രേമരാജൻ തിരക്കി.

‘തൊണ്ണൂറ്റിയാറായി. അങ്ങിനെ ഏതെങ്കിലും രാഷ്ട്രീയ സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഷ്ഠിച്ച ആളല്ല. മുത്തച്ഛൻ കുറേക്കാലം എം.എസ്.പിയിലായിരുന്നു. മലബാറിൽ കമ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ നടന്ന

കർഷകസമരങ്ങളെ അടിച്ചമർത്താൻ ബ്രിട്ടീഷുകാരുണ്ടാക്കിയ സേനയാണല്ലോ എം.എസ്.പി. രണ്ടു തവണ എം.എസ്.പിക്കാർ ബ്രിട്ടീഷുകാർക്കെതിരെ സമരം നടത്തിയിരുന്നു. ഈ സമരം പിന്നീട് സ്വാതന്ത്ര്യസമരമായി സർക്കാർ അംഗീകരിച്ചു. അങ്ങിനെ മുത്തച്ഛൻ ഉൾപ്പെടെയുള്ളവർക്ക് കോടതിവിധിയിലൂടെ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും സ്വാതന്ത്ര്യസമര പെൻഷൻ ലഭിച്ചു. കുടിശിക സഹിതം ലക്ഷങ്ങൾ ഒന്നിച്ചു കിട്ടി. ഇതു സംബന്ധിച്ച് നടത്തിയ കേസിൽ മുത്തച്ഛനും കക്ഷി ചേർന്നിരുന്നു.'

പ്രേമരാജൻ എല്ലാം നിസംഗതയോടെ കേട്ടിരുന്നു. ഗ്ലാസിൽ അവശേഷിക്കുന്ന തണുത്തുപോയ ചായയിൽ ഒരു ഈച്ച വീണു പിടഞ്ഞു. ഈച്ച വീണ ചായ ഗ്ലാസ് ദൂരേക്ക് മാറ്റിവെച്ച ശേഷം പ്രേമരാജൻ സ്വന്തം കഥ പറഞ്ഞു. പ്രേമരാജന്റെ അച്ഛൻ മുഴുക്കുടിയനും ചൂതാട്ടക്കാരനുമായിരുന്നു. കുടുംബസ്വത്തിൽ നിന്നു കിട്ടിയ വിഹിതം മുഴുവൻ ഇങ്ങിനെ നശിപ്പിച്ചു. ഒന്നും ചോദ്യം ചെയ്യാതെ അമ്മ നിശബ്ദമായി എല്ലാം സഹിച്ചു. പ്രേമരാജന് മൂത്ത സഹോദരിയുണ്ട്. വിവാഹിത. എല്ലാം വിറ്റു തുലച്ചപ്പോൾ കുടുംബം ദരിദ്രമായി. പിന്നീട് അച്ഛൻ നാടുവിട്ട് എവിടെയോ പോയി. പ്രേമരാജനും സഹോദരിയും അപ്പോൾ വിദ്യാർഥികളായിരുന്നു. അമ്മ കൂലിപ്പണിക്കുപോയി കുടുംബം പോറ്റി. വർഷങ്ങൾക്ക്ശേഷം, അതായത് ഒരു മാസം മുമ്പ് ഗുരുതരമായ രോഗം ബാധിച്ച നിലയിലാണ് അച്ഛൻ തിരിച്ചെത്തിയത്. ബസ്സ്റ്റാന്റിൽ ബോധമറ്റുകിടക്കുന്ന ഒരാളെ പൊലീസുകാർ ജില്ലാ ആസ്പത്രിയിലെത്തിക്കുകയായിരുന്നു. ബോധം

തെളിഞ്ഞപ്പോൾ മേൽവിലാസം പറഞ്ഞു. പോലീസുകാർ വിവരമറിയിച്ചതിനെത്തുടർന്ന് പ്രേമരാജൻ ആസ്പത്രിയിലെത്തി. ഒരാഴ്ചത്തെ ചികിൽസക്കുശേഷം വീട്ടിലേക്ക് കൂട്ടിവന്നു. വീണ്ടും രോഗം കൂടിയപ്പോഴാണ് ഇവിടെയെത്തിച്ചത്. രണ്ട് വൃക്കകൾക്കും കരളിനും ഗുരുതരമായ അസുഖം ബാധിച്ചുവെന്ന് പരിശോധനയിൽ വ്യക്തമായി. ഇപ്പോൾ സുഖം പ്രാപിക്കുകയാണ്. പക്ഷെ ദീർഘനാൾ ചികിൽസ വേണ്ടിവരും.

'വിനോദ്. നിങ്ങൾ നിങ്ങളുടെ മുത്തച്ഛന്റെ ആയുസ്സ് കഴിയുന്നത്ര നീട്ടിക്കിട്ടാൻ ആഗ്രഹിക്കുന്നു. എന്നാൽ ഞാൻ ആഗ്രഹിക്കുന്നത് എത്രയും വേഗത്തിലുള്ള അച്ഛന്റെ മരണമാണ്. അച്ഛൻ കുറേക്കാലം ജീവിച്ചിരുന്നാൽ ഞങ്ങൾക്ക് ഞങ്ങളുടെ കൊച്ചുവീടുപോലും നഷ്ടമാകും.'

നിർവികാരനായി, പ്രതിമ കണക്കെയിരുന്ന് പ്രേമരാജൻ പറയുകയാണ്. അയാളുടെ നിറഞ്ഞ കണ്ണിൽ നിന്ന് ഒരു തുള്ളി കണ്ണീർ അടർന്ന് വീണു. പിന്നെ ഞങ്ങൾക്കൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല. ഞങ്ങൾ സ്റ്റെപ്പുകൾ കയറി ഐ.സി.യുവിന്റെ ഭാഗത്തേക്ക് നടന്നു. ഐ.സിയുവിന്റെ മുമ്പിൽ ചെറിയൊരാൾക്കൂട്ടം. പുറത്തു കണ്ട നഴ്സിനോട് കാര്യം തിരക്കി.

'ഒരു ഡെത്ത്' -നഴ്സ് നിർവികാരമായി ഉത്തരം പറഞ്ഞു.

'ആരാ?' ഞാൻ ആകാംക്ഷയോടെ തിരക്കി.

'കുഞ്ഞമ്പുനായർ' എനിക്കു മനസ്സിലായി. നല്ല മധുരമുള്ളതും കടുപ്പമുള്ളതുമായ ചായ ആവശ്യപ്പെട്ടുകയും

നഴ്സ് നിഷേധിക്കുകയും ചെയ്തു ആ പാവം മനുഷ്യൻ. കടുപ്പമുള്ള മധുരച്ചായ കുടിക്കണമെന്നത് അയാളുടെ അവസാനത്തെ ആഗ്രഹമായിരിക്കണം. അതും നിഷേധിക്കപ്പെട്ടു. ഒരുതരത്തിൽ എന്ത് ക്രൂരതയാണ് വൈദ്യശാസ്ത്രം ചെയ്യുന്നതെന്ന് തോന്നിപ്പോയി. ആയുസ്സിന്റെ അവസാന നിമിഷങ്ങളെ എണ്ണുന്ന ഇവർ ആഗ്രഹിക്കുന്നതെല്ലാം നൽകുന്നതല്ലേ കാരുണ്യം. തൂക്കിലേറ്റുന്നതിന് മുമ്പ് കുറ്റവാളികളോട് കാണിക്കുന്ന ദയാവായ്പ്പെങ്കിലും. ഇഷ്ടമുള്ള ഭക്ഷണമെങ്കിലും. ഞാനും പ്രേമരാജനും ആ ചെറിയ ആൾക്കൂട്ടത്തിന്റെ ഭാഗമായി നിശബ്ദം നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ വെള്ള പുതപ്പിച്ച ശരീരം കിടത്തിയ സ്ട്രെച്ചർ ഐ.സി.യുവിൽ നിന്നും പുറത്തുവന്നു. പുറത്തു കാത്തിരുന്നവർ ആ ശരീരം ഏറ്റുവാങ്ങി. ശുഷ്കശരീരമുള്ള ഗ്രാമീണർ. പുറത്ത് ആംബുലൻസ് തയ്യാറായി നിന്നിരുന്നു. ആംബുലൻസ് കണ്ണിൽ നിന്നും മായുന്നതുവരെ ഞങ്ങൾ നോക്കി നിന്നു. പ്രേമരാജന് വീണ്ടും എന്തൊക്കെയോ പറയാനുള്ളതുപോലെ തോന്നി. അവന്റെ ആ കഥ തന്നെയായിരിക്കാം. കുറച്ചുസമയം ഒറ്റക്കിരിക്കാനാണ് ഞാനാഗ്രഹിച്ചത്.

ഞാൻ വീണ്ടും ജനാലക്കരികിലെത്തി. റെയിൽവേ സ്റ്റേഷൻ പരിസരത്ത് തിരക്കൊന്നുമില്ല. അടുത്ത സമയത്തൊന്നും വണ്ടി വരാനും പോകാനും ഉണ്ടാവില്ല. ഇത്തരം സന്ദർഭങ്ങളിൽ പ്രയാസങ്ങൾ പങ്കുവെക്കാൻ കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും കൂടെയുണ്ടാകണമെന്ന് തോന്നിപ്പോയി. ഇത്തരമൊരവസ്ഥയുണ്ടാക്കിയത് ഞാൻതന്നെയാണെന്ന കുറ്റബോധം ആദ്യമായി മനസ്സിനെ മഥിക്കാൻ തുടങ്ങി. മുത്തച്ഛന്റെ സ്വാതന്ത്ര്യ

സമര പെൻഷൻ സ്വന്തമാക്കാൻ അമ്മയുടെ രണ്ട് സഹോദരൻമാരെയും ശത്രുക്കളാക്കി അകറ്റിനിർത്തി. അവരാരും മുത്തച്ഛനെ കാണാൻ ആസ്പത്രിയിൽപ്പോലും വന്നിട്ടില്ല. മരണവാർത്തയറിഞ്ഞാൽ കുടുംബ സമേതം എത്തുമായിരിക്കും. മൊബൈൽ ഫോണെടുത്ത് വാട്സാപ്പ് പരിശോധിച്ചു. പ്രതീക്ഷിച്ചതുപോലെത്തന്നെ ചിത്രയുടെ മെസ്സേജ് കിടക്കുന്നുണ്ടായിരുന്നു. അരമണിക്കൂർ മുമ്പ് വന്നതാണ്. ഉടൻ മറുപടി കാണാഞ്ഞ് അവൾ പിണങ്ങിയിരിക്കും. എന്റെ നെഞ്ചിലെ തീ അവളെങ്ങിനെ അറിയുന്നു. പ്രണയത്തെക്കുറിച്ചുള്ള എന്തോ തത്വചിന്തയാണ് ഇംഗ്ലീഷിലുള്ള അവളുടെ ദീർഘമായ മെസേജ്. എനിക്കൊന്നും മനസ്സിലായില്ല. മിക്കവാറും അയച്ച അവൾക്കും മനസ്സിലായിട്ടുണ്ടാവില്ല. എവിടുന്നോ പകർത്തിയതോ ആരെങ്കിലും അയച്ചുകൊടുത്തതോ ആവാം. അല്ലെങ്കിൽതന്നെ പ്രണയിതാക്കളുടെ കയ്യിൽ ഇത്തരം ധാരാളം ഉദ്ധരണികൾ കാണുമല്ലോ. ഞാൻ അവൾക്ക് മറുപടി അയക്കാൻ നോക്കുമ്പോഴുണ്ട് പ്രേമരാജൻ ധൃതിയിൽ വരുന്നു.

'ഡോക്ടർ ഐ.സി.യുവിലേക്ക് പോയിട്ടുണ്ട്. നഴ്സ് നിങ്ങളെ അന്വേഷിക്കുകയും ചെയ്തു.' - അവൻ ആധിയോടെ പറഞ്ഞു.

എന്റെ നെഞ്ച് ശക്തിയായി ഇടിക്കാൻ തുടങ്ങി. ഞാൻ ഐ.സി.യുവിലേക്ക് ധൃതിയിൽ നടന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഡോക്ടർ പുറത്തേക്കുവന്നു. അദ്ദേഹത്തിന്റെ മുഖം മ്ലാനമയിരുന്നു.

‘ബന്ധുക്കളെ വിവരമറിയിച്ചോളൂ. പത്തുമിനുട്ടിനു മുമ്പ്.’ - ഡോക്ടർ ഒരു പരാജിതനെപ്പോലെ നടന്നകന്നു.

*(GV Books, Thalassery* പ്രസിദ്ധീകരിച്ച ‘ലൗ ജിഹാദ്’ എന്ന കഥാസമാഹാരത്തിൽ നിന്ന്. വില *120* രൂപ. പുസ്തകം ലഭിക്കുന്നതിനായി ബന്ധപ്പെടുക: ഫോൺ: *9447707920, Email: gvrbooks@gmail.com)*

⋆ ⋆ ⋆

## രാധാകൃഷ്ണൻ പട്ടാന്നൂർ



കണ്ണൂർ ജില്ലയിൽ പട്ടാന്നൂർ വില്ലേജിലെ നിടുകുളത്ത് ജനിച്ചു. അച്ഛൻ കെ.പി. നാരായണൻ. അമ്മ കല്ല്യാണി.

രാഷ്ട്രീയപ്രവർത്തകനായിരിക്കെ പത്രപ്രവർത്തനരംഗത്തെത്തി. ഡി.വൈ.എഫ്.ഐ. കണ്ണൂർ ജില്ലാക്കമ്മിറ്റിയംഗം, സി.പി.എം. കണ്ണൂർ ദേശാഭിമാനി ലോക്കൽ സെക്രട്ടറി, വയനാട് പ്രസ് ക്ലബ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. കുറച്ചുകാലം പാരലൽ കോളേജ് അധ്യാപകൻ.

മികച്ച അന്വേഷണാത്മക റിപ്പോർട്ടിനുള്ള വാടപ്പുറം ബാവ ഫൗണ്ടേഷൻ അവാർഡ്, ഫാ. കൊളംബിയർ അവാർഡ്, സുരേന്ദ്രൻ നീലേശ്വരം അവാർഡ്, കൃഷി വകുപ്പിന്റെ ഫാം ജേണലിസം അവാർഡ് എന്നിവ ലഭിച്ചു.

പോർനിലങ്ങളിൽ ഇടവേളകളില്ലാതെ, എഡിറ്റേർസ് ഡസ്റ്റ്, വർഗീയത: പ്രത്യയശാസ്ത്രം, പ്രയോഗം, പ്രതിരോധം (പ്രഫ. എം.എൻ. വിജയന്റെ പ്രഭാഷണങ്ങളുടെ സമാഹാരം), മറ്റുള്ളവർക്കായി ഒരു ജീവിതം, നേർരേഖകൾ, ന്യൂസ് ഫ്ളാഷ്, ടി.പി. ചന്ദ്രശേഖരൻ: ജീവിതം, രാഷ്ട്രീയം, രക്തസാക്ഷിത്വം, ഒളിയിടം (കഥകൾ) ദേശാന്തരം (നോവൽ), വിരലടയാളം, ബർലിൻ കുഞ്ഞനന്തൻ നായരുടെ ആത്മകഥ പൊളിച്ചെഴുത്ത്, ഒളിക്യാമറകൾ പറയാത്തത്, ഏകാധിപതികൾ അർഹിക്കുന്നത്, നഖമുന (നോവൽ), ശലഭ ദേശാടനം (നോവൽ),

ശബരിമല :വിചാരണയും വിധിയെഴുത്തും എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

1993 മുതൽ 2008 വരെ ദേശാഭിമാനിയിൽ. ചീഫ് സബ് എഡിറ്ററായിരിക്കെ രാഷ്ട്രീയ കാരണങ്ങളാൽ രാജിവെച്ചു. 2008 ഫെബ്രുവരി ഒന്നുമുതൽ മാതൃഭൂമിയിൽ. ദേശാഭിമാനിയുടെയും മാതൃഭൂമിയുടെയും ഡൽഹി ബ്യൂറോയിൽ പ്രവർത്തിച്ചു. ഇപ്പോൾ മാതൃഭൂമി മലപ്പുറം യൂണിറ്റിൽ ജോലി ചെയ്യുന്നു. ഭാര്യ: പ്രീത. മക്കൾ: വരുൺ, വർഷ. ഫോൺ: 9496705444.